# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1586

12.06.2019 - ൽ
മറുപടിയ്ക്ക്

## കേരള കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റേഷൻ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അക്രഡിറ്റേഷനിൽ നിന്ന് കേരള കാർഷിക സർവ്വകലാശാല പുറത്തായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇതുകാരണം ഐ.സി.എ.ആർ.-ന്റെ നാഷണൽ അഗ്രിക്കൾച്ചർ എജ്യൂക്കേഷൻ അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം സർവ്വകലാശാലക്ക് നഷ്ടമാവുമോ;<br><br>സി) അക്രഡിറ്റേഷൻ പുതുക്കാനുള്ള അപേക്ഷ യഥാസമയം സമർപ്പിക്കാത്തത് അക്രഡിറ്റേഷൻ പുതുക്കി ലഭിക്കാതിരിക്കാൻ കാരണമായോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും<br><br>കേരള കാർഷിക സർവ്വകാലശാലയുടെ അക്രഡിറ്റേഷൻ കാലാവധി അവസാനിക്കുന്ന 2019 മാർച്ച്-10 ന് മുൻപ് 04/02/2019 ൽ തന്നെ അക്രഡിറ്റേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ കാർഷിക സർവ്വകലാശാല സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത് സംബന്ധിച്ച് തുടർ നടപടി ഐ.സി.എ.ആർ. സ്വീകരിച്ചു വരുന്നു. |
| ഡി) വിദ്യാർത്ഥികളുടെ തുടർപഠനം, സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഐ.സി.ആർ.-ന്റെ സാമ്പത്തികസഹായം എന്നിവ അടക്കം ഒട്ടേറെ കാര്യങ്ങളെ അക്രഡിറ്റേഷൻ പുതുക്കാത്ത നടപടി പ്രതികൂലമായി ബാധിക്കില്ലേ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഡി) ഐ.സി.എ.ആർ.ന്റെ സ്റ്റേറ്റ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ കേരള കാർഷിക സർവ്വകലാശാലയുടെ പേര് ഇപ്പോഴും നിലനിൽക്കുന്നു. അക്രഡിറ്റേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് താൽക്കാലികമായ കാലതാമസം മാത്രമെയുള്ളൂ. വിദ്യാർത്ഥികളുടെ തുടർ പഠനത്തെയും കാർഷിക സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന ഐ.സി.എ.ആർ.ന്റെ സാമ്പത്തിക സഹായത്തെയും ഇത് പ്രതികൂലമായി ബാധിക്കില്ല. |

സെക്ഷൻ ഓഫീസർ